# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4273 03.02.2014 ലെ മറുപടിക്ക്

**ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.ജോസഫ് വാഴക്കൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ കണക്ക് കൈവശമുണ്ടോ; വിശദമാക്കുമോ; | (എ) പട്ടികജാതി സങ്കേതങ്ങളെക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചുമുള്ള 2009-10-ലെ സർവ്വെ പ്രകാരം കേരളത്തിൽ ഭൂമിയില്ലാത്തവരായി 25154 പേരും വീടില്ലാത്തതായി 41753 കുടുംബങ്ങളും ഉണ്ടെന്ന് കാണുന്നു. കൂടാതെ, 86318 കുടുംബങ്ങൾക്ക് ശൗചാലയം ഇല്ല എന്നും കാണുന്നു. |
| (ബി) ഇവയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പുതുക്കിയ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) 'കില'യുമായി പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്. . |

സെക്ഷൻ ഓഫീസർ